# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 415 - 03/03/2020-ലെ മറുപടിക്ക്

# നികുതി വിഹിതം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | ഡോ. ടി. എം. തോമസ് ഐസക്ക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |

| ചോദ്യം | ഉത്തരം |
|---|---|
| (എ) കേന്ദ്ര സർക്കാർ 2019-20 ലെ ബജറ്റിൽ സംസ്ഥാന സർക്കാരിനായി നീക്കി വച്ചിരുന്ന നികുതി വിഹിതം എത്രയാണ്; | കേന്ദ്ര സർക്കാർ 2019-20 BE പ്രകാരം ബജറ്റിൽ സംസ്ഥാനത്തിനായി നീക്കി വച്ചിരിക്കുന്ന നികുതി വിഹിതം 20228.33 കോടി രൂപയാണ്. |
| (ബി) 2020-21 ലെ ബജറ്റിൽ ഇക്കാര്യത്തിൽ എന്തെങ്കിലും കുറവ് വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര; | ഉണ്ട്. 2020-21 കേന്ദ്ര ബജറ്റ് അവതരിപ്പിച്ചപ്പോൾ 2019-20 ലേക്കുള്ള പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം 16401.05 കോടി രൂപ നികുതി വിഹിതമായി വകയിരുത്തിയിട്ടുണ്ട്. ഇതുപ്രകാരം 3827.28 കോടി രൂപയുടെ കുറവ് വരുന്നുണ്ട്. |
| (സി) ജനസംഖ്യാ വളർച്ച മാനദണ്ഡമായി നികുതി വിഹിതം നിശ്ചയിക്കണമെന്ന കേന്ദ്ര ധനകമ്മീഷന്റെ ശിപാർശ സംസ്ഥാനത്തിന് ദോഷകരമായി എന്ന് വിലയിരുത്തുന്നുണ്ടോ; വ്യക്തമാക്കാമോ; | 15-ാം ധനകാര്യ കമ്മീഷൻ 2011 അടിസ്ഥാന-മാക്കിയുള്ള ജനസംഖ്യ ഒരു മാനദണ്ഡമായി സ്വീകരിക്കുകയും 15% മാത്രം വെയിറ്റേജ് നൽകുകയും ചെയ്തിട്ടുള്ളൂ. ഇതു മൂലം ജനസംഖ്യാ നിയന്ത്രണത്തിൽ പുരോഗതി കൈവരിച്ച കേരളത്തിന് നികുതി വിഹിതത്തിൽ ഗണ്യമായ കുറവ് വന്നിട്ടുണ്ട്. |
| (ഡി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ചേർന്ന മുഖ്യമന്ത്രിമാരുടെ യോഗം സംയുക്തമായി എതിർപ്പ് രേഖപ്പെടുത്തിയെങ്കിലും, കേന്ദ്രം അതിന്റെ തീരുമാനത്തിൽ നിന്നും പുറകോട്ട് പോകാത്ത | 15-ാം ധനകാര്യ കമ്മീഷന്റെ റിപ്പോർട്ട് 2020-21 സാമ്പത്തിക വർഷത്തിന് മാത്രമേ ബാധകമാകുകയുള്ളൂ. 2021-26 സാമ്പത്തിക വർഷത്തേക്കുള്ള റിപ്പോർട്ട് കമ്മീഷൻ 2020 ഒക്ടോബർ മാസത്തോടു കൂടി മാത്രമേ കേന്ദ്ര |

| | |
|---|---|
| സാഹചര്യത്തിൽ എന്ത് നടപടിയാണ് ഇനി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? | ഗവൺമെന്റിനു സമർപ്പിക്കുകയുള്ളൂ. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിനുള്ള നിർദ്ദേശങ്ങൾ അടങ്ങിയ വിശദമായ മെമ്മോറാണ്ടം 15-ാം ധനകാര്യ കമ്മീഷന് സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

Sreekala S

സെക്ഷൻ ആഫീസർ